# “സ്വാതിതിരുനാൾ രാമവർമ്മ മഹാരാജ കൃതികൾ സംസ്കൃത സാഹിത്യത്തിൽ”

(പ്രൊഫസ്സർ ശ്രീ.വി.എസ്സ്. ഗുരുസ്വാമിശാസ്ത്രികളുടെ സംസ്കൃത ലേഖനത്തിൻെറ ആശയാനുവാദം)

(മഹോപാദ്ധ്യായ ആർ. വാസുദേവൻപോററി. എം.എ. (സം) എം.എ. (ഹി.) ബി.എഡ്.)

ശ്രീ.

സ്വാതി ശ്രീമാമവർമ്മാഖ്യകുലശേഖര ഭൂപതിം
ശ്രീപദ്മനാഭ പാദാബ്ജ ഭൂമരായിതമാനസം
പൃഥ്വം ബരീഷജനക രാജർഷി സമജീവിതം
വന്ദേ തത്കൃതിമാഹാത്മ്യം ദിങ്മാത്രവിഹകീർത്തയേ.

ശ്രീപദ്മനാഭചരണ പങ്കജമധുപാന നിർവൃതനായ സ്വാതിതിരുനാൾ തിരുമനസ്സിലെ കൃതികളുടെ സാഹിത്യ മുഖ്യം നിർധാരണം ചെയ്യുകയാണ് ലേഖനത്തിൻെറ ലക്ഷ്യം. ഭക്തിമഞ്ജരി, പദ്മനാഭശതകം, സ്യാനന്ദൂരപുരവർണ്ണന പ്രബന്ധം, അജാമിളോപാഖ്യാനം, കുചേലോപാഖ്യനം, സങ്കീർത്തനഗീതികൾ എന്നിവയാണ് ആ പരമഭാഗവതൻെറ സംസ്കൃത കൃതികൾ, പ്രതിപാദ്യം, പ്രതിപാദനശൈലി, കവിയുടെ പരമമായ ഉദ്ദേശ്യം എന്നിവയെ ആസ്പദമാക്കി പ്രസ്തുത കൃതികളുടെ സാഹിത്യപരമായ മൂല്യം പരിശോധിച്ചു നോക്കാം.

ഭക്തിമഞ്ജരി പത്തുശതകങ്ങളിലായി ആയിരം ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന ഭക്തിരസ നിർഭരമായ ഒരു കൃതിയാണ്. ഒന്നാം ശതകത്തിൽ ഭക്താഗ്രേസരന്മാരായ പാർത്ഥഗോപികാ പ്രഹ്ളാദധ്രുവാംബരീഷ ന്മാരെ സ്മരിക്കുന്നതോടൊപ്പം കർമ്മഭക്തിജ്ഞാന മാർഗ്ഗങ്ങളിൽ ഭക്തിമാർഗ്ഗം സുകരവും സ്മാദര ണീയവുമെന്ന് വിശദമാക്കി സർവസംസേവ്യനായ ശ്രീപദ്മനാഭൻെറ മഹിമയെ വർണ്ണിച്ചിട്ടു ്. ഭാഗവതത്തിലെ പതിനൊന്നാം സ്കന്ധത്തിൽ കാണുന്ന പ്രകൃതമധ്യമോത്തമഭേദേന ഭക്തത്രൈവിധ്യവും അവിടെ നിരൂപിതമായിട്ടു ്. ര ാം ശതകത്തിൽ കവി, മഹത്തും ദുസ്തരവും ആയ ആപജ്ജലധിയിൽ നിന്നും അനന്യശരണനായ ഭക്തനെ രക്ഷിക്കേ താണെന്ന് ഗജേന്ദ്രദ്രൗപതീ പ്രഹ്ളാദന്മാരുടെ കഥ സവിസ്തരം പ്രതിപാദിച്ചുകൊ ു ഭഗവാനെ ഓർമ്മിക്കുന്നു. മൂന്നാംശതകത്തിൽ ശ്രീപദ്മനാഭൻെറ കേശാദിപാദാന്ത വർണ്ണനയാണ് വിഷയം. നാലാം ശതകത്തിൽ ശ്രിമദ്ഭാഗവതത്തിലെ ദ്വിതീയ തൃതീയ ചതുർത്ഥപഞ്ചമസ്കന്ധോക്തങ്ങളായ മിക്കവാറും എല്ലാ കാര്യങ്ങളും വിശേഷിച്ചും എല്ലാ പ്രകാര ത്തിലുമുള്ള സർഗ്ഗപ്രപഞ്ചവും വർണ്ണിക്കപ്പെട്ടിട്ടു ്. ജംബുദ്വീപം, സൂര്യാദിജ്യോതിർഗോളങ്ങൾ, രസാത ലാദ്യധോലോകങ്ങൾ, മുതലായവ പ്രതിപാദിച്ചതിനുശേഷം മനുഷ്യജന്മത്തിൻെറ ദുർലഭതയും മഹത്ത്വവും സൂചിതമായിട്ടു ്. ശ്രേയസ്സാധനങ്ങളായ വർണ്ണാശ്രമധർമ്മങ്ങളും സന്മാർഗ്ഗപ്രദർശനത്തിനായി അവധൂതോക്തരായ പൃഥ്വീവ്യാദിഗുരുക്കന്മാരും ഉ ായിരുന്നിട്ടും, അശ്രദ്ധാലുക്കളായ മനുഷ്യർ പ്രയേണ ദുർമാർഗ്ഗചാരികളായി നരകോന്മുഖരായിത്തീരുന്നു ന്നും നരകത്തിൽ നിന്നും വിമോചനത്തിന് പ്രഹ്ളാദോക്തമായ നവലക്ഷണമായ ഭക്തി മാത്രമേ പര്യാപ്തമായിട്ടുള്ളുവെന്നും സവിസ്തരം പ്രതിപാദിതമായിട്ടു ്. അഞ്ചാം ശതകത്തിൽ ശ്രവണഭക്തിയും, ഭക്തിരസനിഷ്യന്ദിയും ഏവരാലും ശ്രദ്ധാപൂർവം ശ്രോതവ്യവും ആയ മഹാഭാഗവതപുരാണത്തിൻെറ മഹത്ത്വവും, സാങ്ഗോപാങ്ഗമായ പാരായണക്രമവും വക്തൃശ്രോതൃധർമ്മങ്ങളും ദൃഷ്ടാന്തരമായി ഭാഗവതോത്തമനായ പരീക്ഷിത്തിൻെറ ചരിത്രവും ആണ് പ്രതിപാദ്യവിഷയം. ആറാംശതകം കീർത്തനഭക്തിപ്രതിപാദനം ഉൾക്കൊള്ളുന്നു. ഭഗവന്നാമസാമാന്യകീർത്തനം, വിഷ്ണുനാമസഹസ്രകീർത്തനം, കേശവാദിദ്വാദശനാമകീർത്തനം, നാരായണനാമകീർത്തനം ഇവയിൽ ഉത്തരോത്തരം ശ്രേയസ്സാണെന്നും നിയതനാമജപം അത്യുത്തമമെന്നും പ്രതിപാദിച്ചതിനുശേഷം, ജപസംഖ്യ അറിയുവാൻ അങ്ഗുലി, അങ്ഗുലീരേഖ, ശംഖം, രൗപ്യം, സ്വർണ്ണം നിംബഫലം, പദ്മാക്ഷം, മണി, വിദ്രുമം, മുക്താഫലം എന്നിവ ഗണനത്തിനായി ഉപയോഗിക്കേ താണെന്നും, തുളസീമാല കൊ ുള്ള ഗണനം അനന്ത ജപഫലദായകമാണെന്നും മരണാവസരത്തിൽ ഭഗവന്നാമസങ്കീർത്തനത്താൽ പാപവിമുക്തനായി പരമഗതി പ്രാപിച്ച അജാമിളൻെറ ചരിത്രം കീർത്തനഭക്തിയ്ക്ക് ഉത്തമദൃഷ്ടാന്തമാണെന്നും വിശദീകരിച്ചിട്ടു ്. ഭാഗവതോത്തം സമായ ഉദ്ധവരുടെ പോലും പ്രശംസയ്ക്കു പാത്രമായിത്തീർന്ന ഗോപികമാരുടെ രാഗമൂലവും, ഭഗവാൻെറ പിതാക്കളായ ദേവകീവസുദേവന്മാരുടെ വാത്സല്യമൂലവും, ശ്രീകൃഷ്ണസഖന്മാരായ

ഗോപബാലന്മാരുടെ സൗഹാർദ്ദമൂലവും, ശിശുപാലൻെറ ദ്വേഷമൂലവും, കംസൻെറ ഭയമൂലവും ആയ സ്മൃതി സ്മരണഭക്തിയുടെ ഉത്തമോദാഹരണമായി ഏഴാം ശതകത്തിൽ ചൂ ിക്കാണിച്ചിട്ടു ്. അത്യുത്തമസ്മാണ ഭക്തിയായ സാങ്ഗോപാങ്ഗ ധ്യാനയോഗവും ധ്യേയനായ ഭഗവാൻെറ രൂപത്തിൽ ഭാഗവതോക്ത രീതിയിലുള്ള മനോഹരവർണ്ണനവും ആ ശതകത്തിൽ അന്തർഭവിച്ചിട്ടു ്. പാദസേവനഭക്തിയുടെ ദൃഷ്ടാന്തമെന്ന നിലയിൽ വിഷ്ണുപാദോദ്ഭവയായ ഗംഗാഭഗവതിയുടെ പ്രഭാവം വ്യക്തമാക്കുന്നതോടൊപ്പം പാദസേവന സമുദ്ഭവമായ സുഖം അനിർവചനീയമാണെന്നുള്ള അഭിപ്രായവും എട്ടാംശതകത്തിൽ പ്രകടിതമായിട്ടു ്. നവമശതകത്തിൽ ഭക്തകുലശേഖരനായ കവി അർച്ചനഭക്തി പ്രതിപാദിക്കുന്നതിനിടയിൽ സാങ്ഗോപാങ്ഗമായ ഭഗവത്പൂജാവിധി വിവരിക്കുന്നു. ശൈലി, ദരുമയി, ലൗഹി, ലേപ്യ, ലേഖ്യ, സൈകതി, മനോമയി എന്നീ ഭഗവന്മൂർത്തികൾ അർച്ചനീയങ്ങളാണെന്നും, തുളസികൊ ുള്ള പൂജ അമോഘവും അനന്തഫലദവും ആണെന്നും ഏകാദശീ ദിനം തുളസീഛായാ വാസവും ദ്വാദശീദിനം തുളസീപൂജയും, തുളസീമൂലത്തിലെ മൃത്തികാധാരണവും സകല പാപവിധ്വംസകമാണെന്നും വ്യക്തമാക്കിയതിനുശേഷം തുളസീമാഹാത്മ്യ സൂചകമായ കൃഷ്ണകാഖ്യായികയും സവിസ്തരം വർണ്ണിച്ചിട്ടു ്. വന്ദനദാഢ്യസഖ്യാക്തനിവേദന രൂപമായ ഭക്തിചതുഷ്ടയമാണ് ദശമശതകത്തിലെ ഉള്ളടക്കം. നിരന്തരം പ്രവർത്തിച്ചുവരുന്ന ജനിമൃതി ജരാദിഖേദപരമ്പരാരൂപമായ സംസാരത്തിൻെറ സമൂലനാശത്തിന് സാഷ്ടാങ്ഗമായ ഭഗവദ്വനുനമാണ് ഉപായം. ഭഗവാനിൽ സർവകർമ്മ സാർപ്പണമാണ് ദാസ്യം; അതു നിത്രേയസ സാധനമാണ്. ഭഗവാൻ മാത്രമാണ് സർവാപദ്വിമോചകനായ രക്ഷിതാവെന്ന വിശ്വാസബുദ്ധിയാണ് സഖ്യം. പാണ്ഡവന്മാരും വിശേഷിച്ചും ഭീമനും താദൃശഭക്തിയിലാണ് ദുരിതസഞ്ചയത്തെ തരണം ചെയ്തത്. മമതാസ്പദവും ആത്മത്വേന അഹങ്കാരസ്പദവും ആയ ലോകദേഹപ്രാണേന്ദ്രിയാന്തഃകരണരൂപമായ അനാത്മവർഗ്ഗത്തെ ഭഗവാനായി നിവേദിക്കുകയാണ് - ആത്മനിവേദനം. അശ്വമേധത്തിലും രാജസൂയത്തിലും ഭഗവാനായ വാമനനും കൃഷ്ണനും സർവ്വസ്വവും സമർപ്പിച്ച് പ്രണമിക്കുന്ന ബലിയുടേയും യുധിഷ്ഠിരിൻേറയും ഭക്തി ആത്മനിവേദനരൂപമാണ്. അവസാനം സുദൃഢമായി വിരക്തിയാൽ സ്വയം ഭക്തി ജനിക്കുന്നുവെന്നും ഭക്തിയാൽ ജ്ഞാനവും, ജ്ഞാനം കൊ ു സാലോക്യ സാമീപ്യസാരൂപ്യ സായൂജ്യാത്മികമായ മുക്തിയും സംസിദ്ധമാകുന്നുവെന്നും ഭക്തിമഞ്ജരിയിൽ നിരൂപിതമായിട്ടു ്.

പദ്മനാഭശതകം പത്തുദശകങ്ങളിലായി നൂറുശ്ലോകങ്ങളെ ഉൾക്കൊള്ളുന്ന ഒരു ഭക്ത്യുദ്ഗാരമാണ്. ഭക്താഗ്രണികളായ ഗജേന്ദ്രൻ, അജാമിളൻ, പാഞ്ചാലി, പിങ്ഗള എന്നിവരുടെ കഥ ഒന്നാംശതകത്തിൽ വർണ്ണിക്കപ്പെട്ടിട്ടുമു ്. തുടർന്നുള്ള ദശകങ്ങളിൽ, ശ്രേയസ്സാധനങ്ങളിൽ ഭക്തിയുടെ ശ്രേഷ്ഠത, കേശാദിപാദാന്തമായ ഭഗവദ്രൂപ വർണ്ണന, ബ്രഹ്മാവിന് തപസ്സിൻെറ ഫലമായി സിദ്ധിച്ച ഭഗവദ്ദർശനം, ദശാവതാര വിവരണം, കവിയുടെ ഭഗവത് പ്രാർത്ഥന മുതലായവ പ്രതിപാദിതമായിട്ടു ്.

സ്യാനന്ദുരപുരവർണ്ണപ്രബന്ധം ഗദ്യപദ്യാത്മകങ്ങളായ പത്തുസ്തബകങ്ങൾ ഉൾക്കൊള്ളുന്ന ഒരു ചമ്പുപ്രബന്ധമാണ്. ശ്രീപദ്മനാഭലീല, ദിവാകരമുനിയുടെ ഭഗവദ്ദർശനം, കേശാദിപാദസ്തുതി, ക്ഷേത്രമാഹാത്മ്യം, തീർത്ഥ മാഹാത്മ്യം, ഉത്സവപ്രശംസ, വേട്ട, ആറാട്ടെഴുന്നള്ളത്ത്, സമുദ്രത്തിലെ ആറാട്ട്, ലക്ഷദീപം എന്നിവ ഹൃദയാവർജ്ജകമാംവണ്ണം പ്രസ്തുത പ്രബന്ധത്തിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു. കുചേലോപാഖ്യാനവും അജാമിളോപാഖ്യാനവും പേരുകൊ ു തന്നെ പ്രതിപാദ്യവിഷയത്തെ സൂചിപ്പിക്കുന്ന കൃതികളാണ്. ഗീതികളാലും പദ്യങ്ങളാലും ഉപനിബദ്ധങ്ങളാണ് ഈ ര ു കൃതികളും.

സങ്ഗീത കീർത്തനങ്ങൾ:- ഇരുനൂറോളം കീർത്തനങ്ങൾ അടങ്ങിയതാണ് പ്രസ്തുത കൃതി. ശ്രീപദ്മനാഭസ്തുതിപരങ്ങളാണ് കീർത്തനങ്ങളിൽ അധികവും, ഇതരദേവതാസ്തുതിപരങ്ങളായ കീർത്തനങ്ങളും കാണുന്നു ്. ഈ ഗീതികളിൽ ശ്രീപദ്മനാഭകല്യാണഗുണങ്ങൾ, ദശാവതാരകഥകൾ, പ്രഹ്ളാദാദി ഭക്തചരിതം, അനന്തശായനമാഹാത്മ്യം, വിവേകവൈരാഗ്യദാർഢ്യ പ്രാർത്ഥന മുതലായവ അടങ്ങിയിട്ടു ്. ഈ കീർത്തനങ്ങളാണ് മഹാരാജാകൃതികളിൽ പ്രസിദ്ധങ്ങളും കവിയുടെ കീർത്തി സ്തംഭങ്ങളും.

ഭക്തോത്തമനായ തിരുമനസ്സിലെ പ്രസ്തുത കൃതികളുടെ പ്രതിപാദ്യം ശ്രീമദ്ഭാഗവതം, ബ്രഹ്മവൈവർത്തം, ശ്രീമദ്രാമായണം, മഹാഭാരതം മുതലായ മഹർഷിപ്രണീതങ്ങളായ ഗ്രന്ഥങ്ങളിൽ നിന്ന് സമദ്ധൃത്വവും ഭഗവത്സംബന്ധിയും ആണ്; സ്വകപോലകല്പിതമല്ല, ഋഷിപ്രോക്തങ്ങളായ സംഗതികളുടെ വിവേചനത്തിലും സംഗ്രഹത്തിലും പ്രപഞ്ചനത്തിലും കവി, സ്വവാസനാപ്രേരിതമായ ഇച്ഛരയെയാണ് പിന്തുടരുന്നത്. ഈ കൃതികളുടെ പ്രസന്നസു□മാരപദാവലികളും വാക്യപ്രവാഹവും അലങ്കാരപ്രയോഗങ്ങളും അയത്നോപനതകളും നിസർഗ്ഗസുന്ദരങ്ങളും ആണ്. വീ ും വീ ും ശ്രവണഗോചരമാകുന്ന ''പദ്മനാഭ, അബ്ജനാഭ, സരോജനാഭ'' മുതലായ ഭഗവത് സംബോധനങ്ങൾ ഭക്തിരസനിഷ്യന്ദത്തിന് തികച്ചും അനുഗുണങ്ങളാണ്. അങ്ങനെ തിരുമനസ്സിലെ

നിർദ്ദോഷസാലങ്കാരസഗുണങ്ങളായ പ്രസ്തുത സംസ്കൃത കൃതികൾ ഭഗവത്കല്യാണഗുണഗണമസൃണങ്ങളാകയാൽ സഹൃദയഹൃദയങ്ങൾക്ക് നിസ്സീമമായ ആനന്ദം പ്രദാനം ചെയ്യുന്നു.

**ഭഗവദ്ഗുണവർണ്ണനമാണ് സാഹിത്യ സങ്ഗീതങ്ങളെ മഹനീയതയിലേക്കും ആസ്വാദ്യതയിലേക്കും നയിക്കുന്നത്.**

ഭഗവാൻ വ്യാസൻ 'നിർദോഷവും സഗുണവും സാലങ്കാരവും ആയ കാവ്യം ഭഗവദ് ഗുണാലംബനവും ഭക്തിരസനിഷ്യന്ദിയും അല്ലെങ്കിൽ കാവ്യമെന്നോ സാഹിത്യമെന്നോ വ്യവഹരിക്കുവാൻ യോഗ്യമല്ല; അത് വിവേകികളായ പണ്ഡിതന്മാർക്ക് ഉപാദേയവും അല്ല. ഗുണാലങ്കാര വിഹിനമെങ്കിലും ദോഷസ്പൃഷ്ടമെങ്കിലും പരമാത്മപ്രഭാവപ്രതിപാദനപരവും ഭക്തിരസനിഷ്യന്ദിയുമായ കാവ്യം ഉത്തമമാണ്; പണ്ഡിതന്മാർക്ക് മനഃപ്രീതി ഉളവാക്കുന്നതാണ്.' എന്ന് വ്യക്തമായി പറയുന്നു ്. നോക്കുക:-

''ഏകാന്തലാഭം വചസോനു പുംസാംസുശ്ലോകമൗലേർ
ഗുണവാദമാഹുഃ'' ഭാഗം-3-6-37
''വിത്തം ത്വതീർത്ഥീകൃതമങ്ഗ വാചം മയാവിനാ രക്ഷതി
ദുഃഖദുഃഖീ'' ഭാ-11-11-17
''യസ്യാം നമേപാവനമങ്ഗകർമ്മ വന്ധ്യാംഗിരംതാംബി-
ഭൃയാണധീരഃ'' ഭാ-11-11-20
''മൃഷാഗിരസ്താ ഹ്യസതീരസത്കഥാ ന കഥ്യതേയദ് ഭഗ-
വാനധോക്ഷജഃ ।
തദേവസത്യം തദുഹൈവമങ്ഗളം തദേവപുണ്യം-
ഭഗവദ് ഗുണോദയം ॥
തദേവ രമ്യം രുചിരം നവംനവം തദേവശശ്വന്മനസോ-
മഹോത്സവം ।
തദേവശോകാർണ്ണവ ശോഷണം നൃണാം യദൂത്തമശ്ലോകയ-
ശോ ƒ നുഗീയതേ ॥
നതദ്വചശ്ചിത്രപദം ഹരേർയശോ ജഗത്പവിത്രം-
പ്രഗൃണീത കർഹിചിത് ।
തദ്ധ്വാങ്ക്ഷതീർത്ഥം നതുഹാൻ സേവിതം യത്രാച്യുത-
സ്തത്രഹിസാധവോ ƒ മലാഃ ॥
സവാഗ്വിസർഗ്ഗോജനതാഘ സംപ്ലവോയസ്മിൻ പ്രതി-
ശ്ലോകമബദ്ധവത്യപി ।
നാമാന്യനന്തസ്യയശോ ƒങ് കിതാനിയച്ഛൃണ്വന്തി-
ഗായന്തിഗൃണന്തി സാധവഃ ॥
നൈഷ്കർമ്യമപ്യച്യുത ഭാവവർജിതം നശോഭതേജ്ഞാന-
മലം നിരഞ്ജനം ।
കുതഃ പുനഃ ശശ്വദഭദ്രമീശ്വരേ നഹ്യർപ്പിതം കർമ്മയദപ്യനു
-ത്തമം ॥" ഭാ-

ഭക്താഗ്രഗണ്യനായ മഹാരാജാവു തിരുമനസ്സുകൊ ും ഭക്തിമഞ്ജരിയിൽ ഈ ആശയം തന്നെ വെളിപ്പെടുത്തിയിട്ടു ്. നോക്കുക:-

ജഗതി ഭവതി വിശേഷാം രസാനാം സമൂഹഃ
സുനിയതമതിതുച്ഛോ യദ്രസാപേക്ഷയാഹോ ।
തമിഹ രസമവാപ്തും ഭക്തിസംജ്ഞം നിപീയാ-
ച്യുത! ചരിതസുധാം തേകഃ പടുഃ സ്തോകപുണ്യഃ ॥
ഭക്തി-5-23
യദിനവഹതി സർവേഭ്യോ വരീയസ്തരത്വം
മുരമഥന! രസേഭ്യോ ഭക്തിസംജ്ഞോ രസോ ƒ സൗ ।
ജഹുരഹഹ! കിമർത്ഥം ലിപ്സയാ തസ്യഭൂപാ

ധനമപി നനുരാഷ്ട്രം ചാഥ ഭോഗാൻ സമസ്താൻ II
ഭക്തി-5-24

രമ്യാപിധ്വനിമണ്ഡിതാപി യമകപ്രാസോജ്ജ്വലാപി-
പ്രഭോ!
പ്രൗഢാർത്ഥാപ്യനവദ്യഗദ്യ ഗണയുക്പദ്യാന്വിതാപി-
ധ്രുവം I
ശ്രീജാനേ! യദിസാഹിതീ തവഗുണാലാപൈരലം വർജിതാ
ധിക്താം മോഘതമാം വൃഥാപ്രലപിതപ്രായാമിഹ-
ധോക്ഷജ! II ഭ-1-57

തന്ത്രീനാദവിമിശ്രിതം ലയയുതം താരസ്വനാത്യുജ്ജ്വലം
ശ്രോത്രാനന്ദകരം പരിഷ്ണുഭിരലം ഗ്രാമത്രഃയ *f*പി-
സ്വരൈഃ.I
ഗീതം താവകനാമനിർഭര സുധാജുഷ്ടം നചേത്തത്പുനർ-
വ്യർത്ഥം വ്യർത്ഥമരണ്യരോദനമിവ പ്രായോ രമാ വല്ലഭ! II
ഭ-1-64

യസ്മാന്മാനസ സാരസാന്തരുദിതേ ഭക്തി പ്രകർഷേനരഃ
പുണ്യൈരച്യുത! കോടിജന്മരചിതൈഃ കാരുണ്യല-
ബ്ധൈസ്തവ I
ആനന്ദസ്ഫുടഹർഷ ബാഷ്പപുളകീസർവാധികോജ്യംഭതേ
തസ്മാദ് ഭക്തിരസാത്പരം സുമധുരം നോ-
വസ്തുജാനാമ്യഹം II ഭ-1-25

ഭഗവാൻ വ്യാസൻ നിർദ്ദേശിച്ചതും മഹാരാജാവു സ്വീകാര്യമായി ഉദ്ഘോഷിച്ചതും ആയ ഉത്തമസാഹിത്യഗുണസഞ്ചയം മഹാരാജകൃതികളിൽ സാർവത്രികമായി ദൃശ്യമാണ്. അതിനാൽ അവ ഉത്തമസാഹിത്യശ്രേണിയിൽ സ്ഥാനമർഹിക്കുന്നു.

## ഭക്തിമഞ്ജരി ഭാഗവതാർത്ഥപ്രകാശിനിയാണെങ്കിലും അനുകരണമല്ല

18000 ശ്ലോകങ്ങളും 335 അദ്ധ്യായങ്ങളും അടങ്ങിയ ശ്രീമദ് ഭാഗവതത്തിലെ ഏഴാം സ്ക്കന്ധത്തിലെ ''സ്മരണം കീർത്തനം വിഷ്ണോഃ'' എന്നു തുടങ്ങുന്ന ര ു പദ്യങ്ങൾകൊ ു പ്രതിപാദിതമായ നവലക്ഷണഭക്തി സഹസ്രശ്ലോകാത്മകമായ ഭക്തിമഞ്ജരീഗ്രന്ഥത്തിൽ അവസാനത്തെ ആറു ശതകങ്ങളിൽ 600 ശ്ലോകങ്ങൾ കൊ ് സവിസ്തരം വർണ്ണിതമായിരിക്കുന്നു. ആദ്യത്തെ നാലുശതകങ്ങൾ കൊ ് ഭക്തിയാകുന്ന പ്രാസാദത്തിൻെറ പ്രതിഷ്ഠാപനത്തിനു ഉപയുക്തമായ ഭൂമിക സജ്ജീകരിക്കപ്പെടുന്നു. ഭക്തിമാർഗ്ഗം, ഭക്തൻമാർ, ഭജനീയനായ ഭഗവാൻ, മനുഷ്യജന്മത്തിൻെറ ദുർലഭതയും മഹത്ത്വവും എന്നീ കാര്യങ്ങളാണ് ഭൂമികയിൽ നിബന്ധിച്ചിരിക്കുന്നത്. അതിനാൽ മഹാരാജാവ് ഭാഗവതാർത്ഥമാണ് പ്രതിപാദിക്കുന്നതെങ്കിലും വ്യാസാദൃതമായ മാർഗ്ഗത്തെ പിന്തുടരുന്നില്ല. ശബ്ദം കൊ ും അർത്ഥം കൊ ും ഭക്തിമഞ്ജരിഭാഗവതങ്ങൾക്ക് സമാനരൂപത കാണുന്നു ്. അവിടെയും കവി സ്വേച്ഛാനുസാരം വ്യത്യാസം വരുത്തുന്നതായി കാണാം. ഭാഗവതം ആറാം സ്കന്ധത്തിൽ വൃത്രാസുരസ്തുതിയിൽ ഭഗവദ്വിഷയകമായ മനോവൃത്തിക്ക് ഉപമാനങ്ങളായി അജാതപക്ഷങ്ങളായ പക്ഷികൾ, സ്തന്യാർത്ഥികളായ വത്സതരങ്ങൾ, വിരഹിണിയായ യുവതി എന്നിവരുടെ മനോവൃത്തികളാണ് വ്യാസമഹർഷി നിർദ്ദേശിച്ചിട്ടുള്ളത്. ഭക്തിമഞ്ജരിയിൽ വിരഹിണി മനോവൃത്തി ഭക്തമനോവൃത്തിക്ക് ഉപമാനമാകാൻ യോഗ്യമല്ലെന്ന് കരുതുന്ന കവി ഹേമന്തത്തിൽ ഹിമപീഡിതനായ മനുഷ്യൻെറ പട വിഷയകമായ മനോവൃത്തിയെ ഉപമാനമായി സ്വീകരിക്കുന്നു. നോക്കുക:-

അജാതപക്ഷാ ഇവമാതരം ഖഗാഃ സ്തന്യം യഥാവത്സതരാ-
ക്ഷുധാർത്താഃ I
<u>പ്രിയം പ്രിയേവ വ്യുഷിതം വഷണ്ണാ</u> മനോ *f*രവിന്ദാക്ഷടി-
ദൃക്ഷതേ ത്വാം II ഭാഗ-6-11-26

പത്രിവ്രാതാ ഇവ ഹി ജനനീം സ്വാമസഞ്ജാതപക്ഷാഃ
സ്തന്യം വത്സാ ഇവ ച നിതരാം ക്ഷുത്പരിശ്രാന്ത-
ദേഹാഃ I

പ്രാലേയാർത്തോ നര ഇവ പടം ഹന്ത! ഹേമന്തകാലേ

ത്വത്കാരുണ്യം സ്പൃഹയതി ദൃശം ശ്രീപതേ!

മാനസം മേ! (ഭ-2-97)

ഭാഗവത്തിൽ പ്രഹ്ളാദോക്തനവലക്ഷണഭക്തിസൂത്രത്തിൻെറ മഹാഭാഷ്യമാണ് മഹാരാജപ്രണീതമായ ഭക്തിമഞ്ഞരി എന്നു പറയുന്നതായിരിക്കും ഉചിതം.

**നാരായണീയവും ഭക്തിമഞ്ജരിയും:-** ഭക്തിമഞ്ജരി ശ്രീനാരായണഭട്ടപാദപ്രണീതവും ഭാഗവതാർത്ഥ സംഗ്രഹരൂപവും ആയ നാരായണീയത്തെയും അനുകരിക്കുന്നില്ല. ശ്ലോകസംഖ്യയിൽ ഇവയ്ക്കു സാദൃശ്യമു ങ്കിലും ഭക്തിമഞ്ജരി നാരായണീയം പോലെ ഓരോ സ്കന്ധത്തിലെയും പ്രതിപാദ്യത്തെ സംഗ്രഹിക്കുന്നില്ല. ''ദ്വേധാ നാരായണീയം'' എന്നു കവിതാമാങ്കി□മാണു നാരായണീയം. ഭക്തിമഞ്ജരിയിൽ കവി ഒരിടത്തും സ്വനാമധേയം നിർദ്ദേശിക്കുന്നില്ല. ഗുരുപവനപുരേസനായ ഭഗവാൻ ശ്രീകൃഷ്ണനെ ജഗത്കാരണമായി വർണ്ണിക്കുന്ന ഭട്ടതിരിപ്പാട് ഗുരുപവനപുരദേശപരിച്ഛിന്നനായിത്തന്നെ ഭഗവാനെ സ്തുതിക്കുന്നു; എൺപതിലധികം ദശകങ്ങളിൽ ദേശനാമം ചേർത്തുതന്നെ ഭഗവാനെ സംബോധനം ചെയ്യുന്നു. തിരുമനസ്സുകൊ ാകട്ടെ, സ്യാനന്ദുരപുരാധീശനായ ഭഗവാൻ പദ്മനാഭനെ വിശ്വാധാരനായി വർണ്ണിക്കുന്നു ങ്കിലും ഭക്തിമഞ്ജരി എട്ടു ശ്ലോകങ്ങളിൽ മാത്രമേ ''സ്യനന്ദുരപുര'' പദം ചേർത്തു സംബോധനം ചെയ്യുന്നുള്ളൂ. അതിനാൽ കാലദേശവസ്തുരൂപ പരിച്ഛേദവിഹീനനായ പരമാത്മാവിനെ വർണ്ണിക്കുന്നതിലാണ് ഭക്തകവി നിർവൃതി ക ത്തുന്നതെന്ന വസ്തുത പ്രസ്താവ്യമാണ്.

ഭട്ടതിരിപ്പാട് വിഷ്ണുപാരമ്യം പ്രതിപാദിക്കുന്നതിലുള്ള തീവ്രാഭിവാഞ്ഛ നിമിത്തം ശിവപാരമ്യം അങ്ഗീകരിക്കുന്നില്ല. നാരായണിയ കർത്താവ് ഭാഗവതത്തിലെ നാലാം സ്കന്ധത്തിലെ ആദ്യത്തെ ഏഴധ്യായം ഒരു ദശകത്തിൽ സംഗ്രഹിക്കുന്നു. അതിൽ എട്ടുശ്ലോകങ്ങൾ കൊ ു ഭാഗവതത്തിൽ നാലാം സ്കന്ധത്തിൽ ഏഴു ശ്ലോകങ്ങൾ കൊ ുമാത്രം പ്രിതിപാദിതമായ നരനാരായണാവതാരകഥയാണ് വർണ്ണിക്കുന്നത്. ഈ കഥ തന്നെ പഞ്ചമസ്കന്ധസംഗ്രഹത്തിലും ഏകാദശസ്കന്ധ സംഗ്രഹത്തിലും നാരായണീയത്തിൽ സവിസ്തരം വർണ്ണിക്കപ്പെടുന്നു. ഭാഗവതത്തിൽ ആറു അദ്ധ്യായങ്ങളിലായി പ്രതിപാദിതമായ ദക്ഷയജ്ഞകഥയും പത്തൊമ്പതു ശ്ലോകങ്ങളിൽ വിവരിച്ച അത്രിഗൃഹത്തിലെ ത്രിമൂർത്ത്യവതാരകഥയും ശിവപാരമ്യാസഹിഷ്ണുവായ ഭട്ടപാദർ വിട്ടുകളയുകയാണു ചെയ്തത്.

ഭാഗവത്തിൽ ചതുർത്ഥസ്കന്ധത്തിൽ ഒന്നാം അദ്ധ്യായത്തിൽ അത്രിമുനിയുടെ കഥ വിവരിക്കുന്നതു നോക്കുക. ഒരു ജഗദീശ്വരനെ ഹൃദയത്തിൽ ധ്യാനിച്ചപ്പോൾ മൂന്നു മൂർത്തികളാണ് അത്രിയുടെ മുമ്പിൽ ആവിർഭവിച്ചത് വിസ്മയഭരിതനായ അത്രിയുടെ സന്ദേഹത്തിനു മറുപടിയായി ''ഞങ്ങൾ മൂവരും മിളിതരായിട്ടാണ് ജഗദീശ്വരത്വം വഹിക്കുന്നത്'' എന്നു അവർ പറയുന്നു.

''ശരണം തം പ്രപദ്യേƒഹര യ ഏവ ജഗദീശ്വരഃ ।
പ്രജാമാത്മസമാം മഹ്യം പ്രയച്ഛത്വിതി ചിന്തയൽ ॥''

ഭാ-4-1-20

''ഏകോമയേഹ ഭഗവാൻ വിവിധ പ്രധാനൈശ്ചിത്തീകൃതഃ
പ്രജനനായ കഥാനുയൂയം ।
അത്രാഗതാസ്തനുദൃതാം മനസോƒപിദുരാദ് ബ്രൂത പ്രസീദത-
മഹാനിഹവിസ്മയോ മേ'' ॥ ഭാ-4-1-28

''യഥാ കൃതസ്തേ സങ്കന്തോƒഭാവ്യം തേനൈവനാന്യഥാ ।
സത് സങ്കന്തസ്യതേ ബ്രഹ്മൻ യദ്വൈധ്യായതി തേവയം ॥''

ഭാ-4-1-30

അഥാസ്മദംശ ശഭൂതാസ്തേ ആത്മാജാലോക വിശ്രുതാഃ ।
ഭവിതാരോƒങ്ഗ! ഭദ്രം തേ വിസ്രപ്സ്യന്തി ച തേയശഃ ॥

ഭാ-4-1-31

ഭാഗവതത്തിലെ ദക്ഷയയജ്ഞകഥാന്തത്തിൽ ശിവദ്വേഷിയായ ദക്ഷനെ ശിവൻ വധിച്ചതിനെ അനുമോദിച്ചു കൊ ു മഹാവിഷ്ണു പറയുന്നതു നോക്കുക:

''അഹം ബ്രഹ്മാ ച ശർശ്ച ജഗതഃ കാരണം പരം ।
ബ്രഹ്മരുദ്രൗപഭൂതാനി ഭേദേനാജ്ഞോ ƒനുപശ്യതി ॥
യഥാപുമാന്ന സ്വാങ്ഗേഷൂ ശിരഃ പാണ്യദിഷൂ ക്വചിത് ।
പാരക്യബുദ്ധിം കുരുതേ ഏവം ഭൂതേഷു മത്പരഃ ॥
ത്രയാണാമേകഭാവാനാം യോ ന പശ്യതി വാഭിദാം ।
സർവഭൂതാത്മനാം ബ്രഹ്മൻ സ ശാന്തിമധിഗച്ഛത.'' ॥

ഭാ-4-7-50-53

മൂർത്തിത്രയഭേദജ്ഞാനം അജ്ഞാനവിലസിതമെന്നും പാരമാർത്ഥികമായ അഭേദജ്ഞാനമാണ് മോക്ഷസാധനമെന്നും ഭഗവാൻ വ്യക്തമാക്കുന്നു. ചതുർത്ഥസ്കന്ധാരംഭത്തിലെ ഏഴധ്യായങ്ങളിൽ ഉപക്രമോപസംഹാരന്യായേന പരമ താത്പര്യത്തോടെ ഉപദിഷ്ടമായ മൂർത്തിത്രയാദ്വൈതം ശിവപാരമ്യം ഇഷ്ടപ്പെടാത്തതുകൊ ായിരിക്കണം ഭട്ടപാദർ വിട്ടുകളഞ്ഞത്.

ഭട്ടപാദർ നാരായണീയത്തിൽ ദശമസ്കന്ധാർത്ഥം നിരവശേഷം സംഗ്രഹിച്ചതിനു ശേഷം ഒരു ദശകം കൊ ് ശിവപാരമ്യം നിരാകരിച്ചുകൊ ു വിഷ്ണുപാരമ്യം സമർത്ഥിക്കുന്നു ്. വിഷ്ണുപുരാണം, ഭാഗവതം എന്നിവയെപ്പോലെ സ്കന്ദപുരാണവും പുരാണമെന്ന നിലയ്ക്ക് പ്രമാണമാണെന്നിരിക്കെ സ്കാന്ദപുരാണം അർത്ഥവാദമാകയാൽ അപ്രമാണമെന്ന് അദ്ദേഹം കരുതുന്നു. വിഷ്ണുപാരമ്യ പ്രതിപാദനത്തിനായി അദ്വൈതാചാര്യനായ ശങ്കരഭാഗവത് പാദരും വിഷ്ണുസ്തുതി കൊ ാണ് മോക്ഷം പ്രാപിച്ചതെന്നും ഭട്ടതിരിപ്പാടു അഭിപ്രായപ്പെടുന്നു. ശ്രീശങ്കരൻെറ കാലശേഷം അനേകം നൂററാ ുകൾ കഴിഞ്ഞു എഴുതിയ ശ്രീശങ്കരചരിതങ്ങളിൽപ്പോലും ശ്രീ ശങ്കരജനനിയുടെ മോക്ഷപ്രാപ്തി വിഷ്ണുസ്തവത്താലെന്നു മാത്രമേ പറഞ്ഞു കാണുന്നുള്ളൂ.

മഹാരാജാവാകട്ടെ ശിവനെ ദ്വേഷിക്കുന്നുല്ലെന്നു മാത്രമല്ല, സഭക്ത്യാദരം ശിവനേയും പാർവതിയേയും ശിവകുമാരന്മാരായ ഗണപതി സുബ്രഹ്മണ്യന്മാരെയും അനേകം ഗീതികൾ കൊ ു സ്തുതിക്കുന്നുമു ്. ഭക്തിമഞ്ജരിയിൽ അദ്ദേഹം നാരായണീയത്തെ അനുഗമിക്കുന്നു ങ്കിലും വിപ്രതിപന്നാംശങ്ങളെ ഒഴിവാക്കുവാൻ മടിക്കുന്നില്ല. വിഷ്ണുപാരമ്യ പ്രതിപാദനത്തിനായി ശ്രീശങ്കരൻ വിഷ്ണുസഹസ്രനാമം വ്യാഖ്യനിച്ചുവെന്നും വിഷ്ണുസ്തുതിയാൽ മുക്തിയടഞ്ഞുവെന്നും ഉള്ള നാരായണീയഭാഗത്തിലെ പ്രഥമാംശം മാത്രമേ മഹാരാജാവും സ്വീകരിക്കുന്നുള്ളൂ; സത്യലോകത്തേക്കാൾ പരമമായ സ്ഥാനം വിഷ്ണുവിൻേറതാണെന്നും ശിവൻേറതല്ലെന്നും എന്ന നാരായണീയ പ്രസ്താവത്തിലെ 'ശിവൻേറതല്ലെ'ന്ന അംശം സ്വീകരിക്കുന്നില്ല. താഴെക്കാണുന്ന പദ്യങ്ങൾ നോക്കുക:-

''ശ്രീ ശങ്കരോ ƒപി ഭഗവാൻ സകലേഷുതാവത്ത്വാമേവ-
മാനയതിയോ നഹിപക്ഷപാതീ
ത്വന്നിഷ്ഠമേവ സഹിനാമസഹസ്രകാദിവ്യാഖ്യദ് ഭവത്-
സ്തുതിപരശ്ചഗതി ഗതോ ƒന്തേ'' ॥ നാ-90-5
''സ്വാമിൻ വർജിതപക്ഷപാതകണികാഃ ശ്രീശങ്കരാ-
സ്വാമിന-
സ്ത്വമേവാച്യുത മാമനന്തി സകലേഷ്വാര്യം ജഗത്-
കാരണം ।
ത്വർന്നിഷ്ഠോന്ദസഹസ്രനാമവിലസദ് വ്യഖ്യാസ്വരൂപം-
പുന-
ശ്ചക്രുസ്തജ്ജയമങ്ഗളാഭിധമഹോ ഗ്രന്ഥം ച തേ-
തുഷ്ടയോ'' ॥ ഭക്തി 1-89
''സമസ്തസാരേ ച പുരാണസംഗ്രഹേ വിസംശയം ത്വന്മഹി-
മൈവ ഗീയതേ ।
ത്രീമൂർത്തിയുക്സത്യപദത്രി ഭാഗതഃ പരം പദം തേ കഥിതം
ന ശൂലിനഃ'' ॥ നാ 90-7
''ഭക്താധീന! പുരാണ സംഗ്രഹ ഇതി ഖ്യാതേഹി-
സർവോത്തമേ
ഗ്രന്ഥേ സർവപുരാണസന്തതി വചസ്സാരാത്മകേ സാദരം ।
നൂനം ത്വന്മഹിമൈവ കൈടഭരിപോ! നിസ്സംശയം-
വർണ്യതേ

തച്ചാസീദയിനഃ പ്രമാണമമലം ത്വന്മുഖ്യതാവേദനേ'' ॥

ഭക്തി-1-87

മഹാരാജാവ് ഭഗവാൻെറ നരസിംഹാവതാര കഥ ഭക്തിമഞ്ജരിയിലെ ര ാംശതകത്തിലും സ്യാനന്ദുരപുരവർണ്ണന പ്രബന്ധത്തിലെ നവമസ്തബകത്തിലും ശ്രീപദ്മാനാഭശതകത്തിലെ ആറാം ദശകത്തിലും നാരായണീയ സരണിയെ അവലംബിച്ചു വർണ്ണിക്കുന്നു ്; ഭാഗവതമാർഗ്ഗം അവിടെ ആദരിച്ചു കാണുന്നില്ല. ഭാഗവതത്തിൽ ''ദ്വാർയൂര ആപാദ്യദദാരലീലയാ അസൃഗ്ലവാക്താരുണ കേസരാനനഃ । നഖാങ്കുരോത്പാടിതഹൃത്സരോരുഹം വിസൃജ്യ'' എന്നിപ്രകാരം ''ഹിരണ്യകശിപുവിൻെറ നെഞ്ചുപിളർന്നു ഹൃദയകമലം പുറത്തെടുത്തുവിട്ടു''വെന്നേ പറയുന്നുള്ളൂ. നരസിംഹം രക്തം കുടിച്ചതായി പറഞ്ഞു കാണുന്നില്ല. ഭട്ടപാദരാകട്ടെ ''പായം പായമുദൈരയഃ'' (നാ. 25-6) എന്നു ശ്രീനരസിംഹകൃതമായ രക്തപാനം വർണ്ണിക്കുന്നു ്. അതിനെ പിൻതുടർന്നു ഭക്തിമഞ്ജരീകാരനും ''പായം പായം രുധിരമചിരത'' എന്നു രക്തപാനകഥ പറയുന്നു ്. ''ശ്രീ താപനീയാഭിധ ശ്രുത്യന്തസ്ഫുടഗീത സർവമഹിമൻ! അത്യന്തശുദ്ധാകൃതേ!'' എന്ന് നരസിംഹത്തെ സ്തുതിക്കുന്ന ഭട്ടപാദർ ഏതു പ്രമാണത്തെ അവലംബിച്ചാണ് 'രക്തപാനപ്രസ്താവം' നടത്തിയതെന്നറിയുന്നില്ല. മനുഷ്യൻ പോലും രക്തപാനം ചെയ്യരുതെന്നാണ് മഹാഭാരതം ഉപദേശിക്കുന്നത്. ഗാന്ധാരി ''ദുശ്ശാസനാരക്തം കുടിച്ചവനെ''ന്ന് ഭീമനെ അധിക്ഷേപിച്ചപ്പോൾ ഭീമൻെറ സമാധാനം നോക്കുക:-

''അന്യസ്യാപി ന പാതവ്യം രുധിരം കിം പുനഃ സ്വകം ।
യഥൈവാത്മാ തഥാഭ്രാതാ വിശേഷോ നാസ്തികശ്ചന ॥
രുധിരം ന വ്യതികൂമാന്തോഷ്ഠം മേ ƒംബ മാശു പഃ ।

വൈവസ്വതസ്തു തദ്വേദ'' (അന്യരുടെ രക്തം പോലും കുടിക്കുവാൻ പാടില്ല. പിന്നെയാണോ സ്വകീയ രക്തം? ഭ്രാതാവ് തന്നെപ്പോലെയാണ്; അണും പോലും ഭേദമില്ല. അമ്മേ, രക്തം എൻെറ ദന്തോഷ്ഠത്തെ കടന്നുചെന്നിട്ടില്ല. ധർമ്മദേവനായ യമൻ സാക്ഷിയാണ്.) അതിനാൽ ഭാഗവതത്തിൽ അദൃഷ്ടവും ഭാരതത്തിൽ നിന്ദ്യമാനവും ഭട്ടപാദവർണ്ണിതവും ആയ നരസിംഹകൃതരക്തപാനത്തിന് പ്രമാണം മൃഗ്യമായിട്ടാണിരിക്കുന്നത്. ഭഗവത്കൃതമായി വർണ്യമാനമായ ഈ രക്തപാനം ഭക്തപ്രായമാകയില്ലെന്നു കരുതിയായിരിക്കാം ''ഭക്തപ്രിയാ'' വ്യഖ്യാനത്തിൽ ''പായം പായം'' എന്ന ഭാഗം വിസൃഷ്ടമായത്.

**മഹാരാജാവ് ശങ്കരാനുസാരിയായ ശുദ്ധാദ്വൈതിയും തത്സമാന ലോകയാത്രനുമാണ്.**

അദ്ദേഹം ശങ്കരഭഗവത്പാദർ പ്രകാശിപ്പിച്ച വേദാന്തസിദ്ധാന്തങ്ങളെയാണ് ഭക്തിമഞ്ജരിയിൽ പ്രകാശിപ്പിക്കുന്നത്.

(1) സച്ചിദാനന്ദരൂപനായ പരമാത്മാവ് ജഗത്തുമിഥ്യാഭൂതമെങ്കിലും അതിനെ സ്വമായയാ പ്രകാശിപ്പിക്കുന്നുവെന്ന് ഭക്തിമഞ്ജരിയിലെ ചതുർത്ഥശതകത്തിൽ-
''അഖണ്ഡതരചിദ്രസാംബുധിമയോ ƒപി മായം സ്വതഃ
സൃജൻ ജഗദനേകധാ വിതഥമപ്യഹോ! ഭാസയൻ'' എന്ന ശ്ലോകത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

(2) അദ്വൈതം പരമാർത്ഥവസ്തു; അത് ലോകദൃഷ്ട്യാ പരിണാമ്യുപാദാനമെന്നു വ്യവഹരിക്കപ്പെടുന്നുവെങ്കിലും വേദാന്തവി ചാരജന്യജ്ഞാനദൃഷ്ട്യാ വിർത്തോപാദാനം മാത്രമാണ്. ഗുരുവിൻെറ അനുഗ്രഹം സിദ്ധിച്ചവർക്കാകട്ടെ താദൃശജ്ഞാനദൃഷ്ട്യാ ജഗത്തുരജ്ജസർപ്പം പോലെ മിഥ്യയാണെന്ന ബോധം ഉ ാകുന്നു. ഈ വസ്തുത താഴെക്കാണുന്ന ശ്ലോകങ്ങളിൽ പ്രകാശിതമാണ്.

ഭൂഷണേഷുകില ഹേമവജ്ജഗതി മൃത്തികാവഥേവ ഘടേ

''തന്തുജാലവദഹോ പടേഷപി ച രാജിതാദ്വയ-

രസാത്മകം'' ॥ പദ്മ.10

''ഏകോ സദ്ഗുരുഭാഷാതാഞ്ജനലസദിജ്ഞാന ദൃഷ്ട്യാ-

ജഗൻ-

മിഥ്യാരൂപമവേക്ഷ്യ പാത്ര സഹസാ സർവാർത്ഥ-
സന്ത്യാഗിനഃ'' ॥ ഭക്തി-**10-18**
യസ്യേശസ്യനിഷേവയാനവമായാ ത്വാ ചാര്യവര്യാനനാ-
ദുദ്ഭൂതപ്രതിമോപദേശവികസത്സദ്ധർമ്മനാവാപ്തയാ ।
മിഥ്യാത്വം ജഗതഃ സ്ഫുടംഹൃദിഭവേദ്രജ്ജൗയഥാഹേസ്തഥാ''
സ്യാന. **10-17**

(3) ''ലോകദ്ദേഹാദ്യന്തഃകരണാന്ത സംഘാതാതിരിക്തനായ ആത്മാവ് ഏകനാണ്, പരമാത്മാ ഭിന്നനാണ്. പ്രതീയമാനമായ ആത്മനാനാത്വം ഔപാധികമാണ്, പാരമാർത്ഥികമല്ല.'' എന്ന വേദാന്ത സിദ്ധാന്തം-

''അഹംപദസ്യാത്ര കിമീശ! വാച്യോ ദേഹോമനഃ കിന്നു-
കിമിന്ദ്രിയാണി ।''
കിംവാധനാഗാരവധൂസുതാദ്യാസ്തടിത് പ്രഭാസ് ഫൂർജിത-
ചഞ്ചലാനി'' ॥ ഭക്തി-10-16
''ശരീരചേതഃ കരണാദികാനാമന്തഃ സ്ഥിതഃ പ്രേരക-
ഏക ആസ്തേ ।
ത്വത്തഃ സഭിന്നഃ കിമുതത്വമേവധ്രുവം ത്വമേവേതി-
മഹാത്മനാംധീ'' ॥ ഭ-**10-67**
''ഏകോ യഥാ ജഗതി താവദുപാധിഭേദൈർ-
നാനാത്വമാപ്ത ഇവ ഭാതി കിലായമാത്മാ'' ॥ എന്ന ഭാഗങ്ങളിൽ സദൃശ്യമാണ്.

(4) പാപമാത്രനാശകമായ കർമ്മത്തെ അപേക്ഷിച്ച് സവാസനപാപധ്വംസിനിയായ ഭക്തി, പ്രശസ്യതരമാണ്. ആ ഭക്തിവൈരാഗ്യം ദൃഢമാകുമ്പോൾ സ്വയം ആവിർഭവിക്കുന്നു. ആവിർഭൂതമായ ഭക്തിജ്ഞാനം ജനിപ്പിക്കുന്നു, ജ്ഞാനം മുക്തിയിലേക്കു നയിക്കുന്നു'' എന്ന വസ്തുത പ്രതിപാദിക്കുന്നതു നോക്കുക:-

പൂർവോക്താന്യപി ച വ്രതാദിമമഹാകർമ്മാണ്യഹോദേഹിനാം
പാപാന്യേവലുനന്തിനോ ചിരതരാം ശൗരേ!
ദൃഢാം വാസനാം ।
ത്വദ്ഭക്തിഃ ഖലുതദ്ദ്വയീമപി ഹരത്യാനന്ദമൂർത്തേ യത-
സ്തസ്മാത്സൈവ സദാസ്ഥിരാമമ ഭവത്വിത്യർത്ഥനാ-
മാമികാ ॥ ഭക്തി-**1-127**
ത്വദ്ഭക്തിസ്തു തവാവതാര ചരിതാദ്യാകർണ്ണനേനസ്വയം
പ്രാപ്യാ, ഖേദലവം വിനൈവ വിമലജ്ഞാനാമൃതാ-
പാദിനീ ॥ ഭ-**1-26**
ഇത്ഥം വിരക്തിഃ സുദൃഢോദിതാ ചേജ്ജായേത ഭക്തിഃ-
സ്വയമേവ പുംസഃ ।
തയാപുനർജ്ഞാനമുദേതി തേന പ്രാപ്തോതി മുക്തിംച-
ചതുഷ്പ്രകാരം ॥ ഭക്തി **10-98**

(5) ''വാസുദേവഃ സർവമിതി സ മഹാത്മാ സുദുർലഭഃ'' ''തസ്മാദാത്മജ്ഞം ഹ്യർച്ചയേദ് ഭൂതികാമഃ'' എന്ന ഗീതാവാക്യത്തേയും ഉപനിഷദ്വാക്യത്തേയും ആദരിച്ചുകൊ ു ഏകാന്തമായ ഭഗവദ്ഭജനംകൊ ് പരിശുദ്ധാശയന്മാരും നിർധൂതപാപന്മാരും ആയ മഹാന്മാർ ജാതികൊ േ ാ കർമ്മത്താലോ അവര ന്മാരായാലും നിതരാം പൂജനീയന്മാരായ ഗുരുക്കന്മാരാണെന്ന് ''ഇത്ഥം യസ്യദൃഢാമതിഃ സുഖതരേ നിത്യേപരേ നിർമലേ, ചണ്ഡാലോഽസ്തു സതുദ്വിജോഽസ്തു ഗുരുരിത്യേഷാ മനീഷാ മമ'' എന്ന ശങ്കരാചാര്യ കൃതമനീഷാപഞ്ചകച്ഛായയിലുള്ള പദ്യം കൊ ് ഭക്താവതംസരായ കവി മഹാന്മാരിൽ സ്വാദരം പ്രകടിപ്പിക്കുന്നു.

ത്വയ്യേവാർപ്പിതചേതസഃ ഖലുദൃഢം സർവാത്മനായേജനാ-
സ്ത്വദ്ഗാഥാമൃത സിദ്ധഭേഷജവിധൂതാശേഷപാപാമയാഃ ।
ജാത്യാവാ നനു കർമ്മണാഥ ഭുവനേ തേ ഗർഹിതാ അവ്യഹോ!
നൂനംമേഗുംവസ്ത്വാമീ ഇതിദൃഢാ ഭൂയാന്മദീയാ മതിഃ''॥

ഭക്തി 1–31

(6) പരമാത്മാഭേദ ഭാവന മാത്രമാണ് നിത്യനിരതിശയാ നിർവചനീയാനന്ദസ സന്ദായകമെന്ന് ദൃഢം വിശ്വസിക്കുന്ന മഹാരാജാവ്, ശ്രീശങ്കരൻ സ്വഗുരുസന്നിധിയിൽ ദശശ്ലോകികൊ ് ആവിഷ്ക്കരിച്ച ''ശിവഃ കേവലോ ƒഹം'' എന്ന ശിവാഃഭദഭാവനയെ അവലംബമാക്കി ഭഗവാനായ പദ്മനാഭനിൽ ''പദ്മനാഭോ ƒഹം എന്ന പദ്മനാഭാ ഭേദഭാവന സർവദാ ഉ ാകുമാറാകണമേ'' എന്നു പ്രാർത്ഥിക്കുന്നു:-

''ഭഞ്ജാനസ്യ സരോജനാഭ! പിബതഃ സ്നാനൈഷിണഃ-
ഖാദതഃ
നിദ്രാലോം ƒതോ വയസ്യനികരൈഃ സംഭാഷമാണെ-
സ്യവാ ।
അധ്യാഃസാ ഹൃദി മേ സദാ വിലസതു ശ്രീപദ്മ-
നാഭാത്മകോ
യോവാ വാഗ്വിഷയേതരാമിതസുഖം സൂതേ ക്ഷണാത്-
പ്രാണിനാം ॥ ഭക്തി 10–33

(7) ''ഗുരോരനുഗ്രഹേണൈവ പുമാൻ പൂർണ്ണഃ പ്രശാന്തയേ'' എന്ന വസ്തുത അനുസ്മരിച്ചുകൊ ് ശ്രീശങ്കരഭഗവത്പാദർ ലോകസംഗ്രഹാർത്ഥം വിരചിച്ച ദക്ഷിണാമൂർത്തിയായ ശിവന്റെ ഗുരുഭാവന യോടെയുള്ള സ്തുതി വേദാന്തതത്ത്വഗർഭിതവും പ്രതിശ്ലോകം നാലാം പാദത്തിൽ 'നമം' പദഘടിതവുമാണ്. അതുപോലെ മഹാരാജാവും ശ്രീപദ്മനാഭനെ വിശ്വഗുരുവായി സ്തുതിക്കുന്നു. ആ സ്തുതിയും വേദാന്തസാരനിർഭരവും 'നമഃ' പടഘടിതവും ആണ്. സ്യാനന്ദുരപുരവർണ്ണന പ്രബന്ധാവസാനത്തിലെ സ്തുതിനോക്കുക:-

വിശ്വം ദൃശ്യമിദം യതഃ സമഭവദ്യസ്മിൻ ഏതത് പുനർ-
ഭാസായസ്യ വിരാജതേ ƒഥ സകലം യേനേഹ വാ-
നിർമ്മിതം ।
യോവാചാം മനസോ ƒപ്യഗോചരപദം മായാതിഗോഭാ-
സതേ
തസ്മൈ ദേവ! നമോ ƒസ്തുവിശ്വ ഗുരവേ ശ്രീപദ്മനാ-
ഭായ തേ ॥

ദക്ഷിണാമൂർത്തിസ്തവത്തിലെ പദ്യം:-

''വിശ്വം ദർപ്പണദൃശ്യമാനനഗരീതുല്യം നിജാന്തർഗതം
പശ്യന്നാത്മനി മായയാ ബഹിരിവോദ്ഭൂതം യഥാനിദ്രയാ ।
യഃ സാക്ഷാത് കുരുതേ പ്രബോധസമയേ സ്വാത്മാന-
മേവാദ്വയം
തസ്മൈ ശ്രീഗുരുമൂർത്തയേ നമ ഇദം ശ്രീദക്ഷിണാമൂർത്തയേ'' ॥

## ശ്രീസ്വാതിതിരുനാൾ മഹാരാജാവി ം ശ്രീശങ്കരാചാര്യ ം തമ്മിലുള്ള സാമ്യം

പൂർവപ്രദർശിത ദൃഷ്ടാന്തങ്ങളാൽ മഹാരാജാവ് ശങ്കരാനുസാരിയായ അദ്വൈതിയായിരുന്നുവെന്നു വ്യക്തമാണല്ലോ. അദ്ദേഹം ശങ്കരസമാനലോകയാത്രനുമായിരുന്നു. കേരളീയരായ ആ മസ്കരീന്ദ്ര രാജേന്ദ്രന്മാർ മഹാനക്ഷത്രജാതരാണ്. ആർദ്രാജാതനാണ് ശങ്കരനെങ്കിൽ സ്വാതിജാതനാണ് മഹാരാജാവ്. ബാല്യത്തിൽ ശങ്കരൻ പിതൃവിയുക്തനാണെങ്കിൽ മഹാരാജാവ് മാതൃവിയുക്തനാണ്. ഇരുവരുടേയും

ജീവിതം ഹ്രസ്വമെങ്കിലും ധന്യധന്യമാണ്. പതിനാറാംവയസ്സിൽ ഇരുവരും ലോകോപകാരനിരതരായി. ശങ്കരൻ ദിഗ്വിജയവ്യാജേന അദ്വൈതത്ത്വം ഉപദേശിച്ചു ലോകത്തെ അനുഗ്രഹിച്ചു. മഹാരാജാവു ജനകനെപ്പോലെ പ്രജകളുടെ വിനയാധാനരക്ഷണ ഭരണങ്ങളാൽ രാജ്യത്തെ പരിപാലിച്ചു. ഇരുവരും ശിവവിഷ്ണ്വാദിമൂർത്തിവിദ്വേഷവിഹീനരാണ്. ഇരുവരും തങ്ങളുടെ നാമധേയം ചേർക്കാത്ത അനേകം ഗ്രന്ഥങ്ങളുടെ പ്രണേതാക്കളാണ്.

മഹാരാജാവ് കൃതികളിൽ ഒരിടത്തും സ്വനാമധേയം നിർദ്ദേശിക്കരുതെന്നു ദൃഢവ്രതക്കാരനാണെന്നു തോന്നുന്നു. സ്യാനന്ദൂരപുരവർണ്ണന പ്രബന്ധത്തിൽ ശ്രീപദ്മനാഭ സ്വാമിക്ഷേത്രത്തിൽ നടക്കുന്ന മഹോത്സവം സവിസ്താരം വർണ്ണിക്കുന്നുെ ങ്കിലും രാജാവിനെ സംബന്ധിച്ച കവി മൂകഭാവം അവലംബിക്കുന്നതേയുള്ളൂ. വേട്ട വർണ്ണിക്കുന്ന സന്ദർഭത്തിൽ രാജാനാമനിർദ്ദേശം പ്രസക്തമായിട്ടു പോലും സ്വനാമം നിർദ്ദേശിക്കാതെ ''അരവിന്ദനാഭഃ നാളികേരഫലം നിജചരണ ഭൃത്യേന ബാണവിദളിതം കാരയൻ'' എന്നു മാത്രം പ്രസ്താവിക്കുന്നു. പ്രബന്ധവ്യാഖ്യാതാവും ശ്രീമൂലം തിരുനാൾ മഹാരാജാവിൻെറ താതപാദ□ം ആയ രാജരാജവർമ്മ ഇപ്രകാരം പറയുന്നു:- ''ഈ പ്രബന്ധത്തിൻെറ കർത്താവായ മഹാരാജാവിനു യശഃ പ്രതാപാദിഗുണങ്ങളാൽ ലഭിച്ച അനേകം നാമങ്ങൾ ഉെ ങ്കിലും സ്വയം സ്വനാമം നേരെ പറയുന്നത് ഉചിതമല്ലായ്കയാലും ഭക്ത്യതിശയത്താലും പ്രസിദ്ധതരങ്ങളായ സ്വനാമങ്ങളിൽ ഒന്നായ 'പദ്മനാഭദാസൻ' എന്നതിൻെറ പര്യായമായി സന്ദർഭവശാത് പദ്മനാഭവാചകനിജശബ്ദഘടിതമായ ''നിജചരണഭൃത്യേന'' എന്ന പദം പറഞ്ഞിരിക്കയാണെന്നു ധരിക്കേ താണ്.'' അതിനാൽ ഗ്രന്ഥാന്തത്തിലുള്ള ''രാമവർമ്മാഭിധേന'' എന്നു സ്വനാമഘടിതമായ ''സ്വാതീജാതേന'' എന്നു തുടങ്ങുന്ന പദ്യം രാജപ്രണീതമല്ലെന്നും അദ്ദേഹത്തിൻെറ അന്തേവാസിയോ പ്രേഷ്ഠപണ്ഡിതനോ മററാരെങ്കിലുമോ എഴുതിച്ചേർത്തതാകാനെ തരമുള്ളുവെന്നും അനുമാനിക്കേ ിയിരിക്കുന്നു.

**<u>വിരക്തനായ മഹാരാജാവ് ചില ഭഗവദ്വിമുഖന്മാരെ അനുശോചിച്ച് ഭഗവാനോടു നിവേദനം നടത്തുന്നു; ഉത്തമഗ്രന്ഥപ്രണേതാവെങ്കിലും യശസ്സ് ആഗ്രഹിക്കുന്നില്ല.</u>**

(1) ജന്മസഹസ്ര സഞ്ചിതപുണ്യൈകലഭ്യമായ മനുഷ്യജന്മവും സർവാങ്ഗസമ്പത്തിയും സ്യാനന്ദൂര പുരവാസവും ലഭിച്ചിട്ടും ശ്രീപദ്മനാഭനെ ദർശിക്കാത്ത മനുഷ്യൻ വിധിവഞ്ചിതനും ശോചനീയനാണെന്നും കവി പറയുന്നു:-

യേഷാംതാവത് പ്രദായാമിക സുകൃതപരീപാകപുണ്യൈ-
കലഭ്യം
ലോകേ ജന്മോത്തമം മാനുഷമവികലതാം ചാഥ-
സർവാങ്ഗകേഷു ।
നേത്രാഭ്യാം തേ ശരീരപ്രതിനവസുഷമാ മേകദാപിപ്രപാതും
ഫലേ രേഖാം നവിത്യസ്യതി ദൃഢമദയസ്തേഷ ഹോ!
പദ്മജന്മാ ॥ ഭക്തി-3-9

(2) ഭഗവന്മന്ദിര സമീപവാസിയും ക്ഷേത്രദർശനം നടത്താത്തവന് ''പദ്മനാഭൻ ഹൃദയത്തിലു ്. ക്ഷേത്രഗമനം കൊെ ന്തു പ്രയോജനം?'' എന്നു ജല്പിക്കുന്നവനും ആയ പണ്ഡിതമാന്യനെക്കുറിച്ചു കവി ഇപ്രകാരം പറയുന്നു:-

''ദൈത്യാരേ! ഭവദീയമന്ദിരവരോപാന്തേ വസന്തോ ƒ പ്യഹോ
കേചിജ്ജാതുചിദാലയേതവ പദന്യാസം ചനോ-
കർവതേ ।
'അന്തഃ ശ്രീഹരിപാദപദ്മയുഗളം നോ ധ്യായതാം-
ജ്ഞാനിനാം
കിം ദേവാലയയാത്രയേതി വചസാ സമ്മോഹയന്തോ-
ജഡാൻ ॥ ഭക്തി-1-45

(3) ഭാഗവത സദസ്സ് സരസമായി നടക്കുമ്പോൾ അതിനെ അലങ്കോലപ്പെടുത്തുവാൻ ഒരുമ്പെടുന്ന ഖലന്മാരെപ്പററി പറയുന്നതിപ്രകാരമാണ്:-

''ഗാഥായാഃ ശ്രവണേതവേഹ കഹപിദ്ധന്യൈഃ പ്രസക്തേ
ജനൈ-
സ്ത്വല്ലീലാമകരന്ദപാന വിഷയേ മത്തദ്വിരേഫായി-
തൈഃ ।
സദ്യഃ കേചനലൗകികോക്തി കഥനാന്യേവാരഭന്തേ ജനാ
മൂഢാഹന്ത, കുതുഹലേന മഹതാസാർധം സ്വതുല്യൈഃ-
ഖലൈ ॥ ഭ, 1-43

(4) ഭക്തിപാരവശ്യത്താൽ പാടുകയും ആടുകയും ജപിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നു ഭക്തോത്തമന്മാരെ പരിഹസിക്കുന്ന മൂഢബുദ്ധികളേയും കവി നമുക്കു കാണിച്ചു തരുന്നു:-

''ഗായന്തം ഭവദീയദിവ്യചരിതാത്യുച്ചൈർവിലജ്ജം തഥാ
നൃത്യന്തം ഗളിതാശ്രുഗദ്ഗദഗിരം ഭക്തോത്തമം താവകം ।
ലോകേ ഹന്ത ഹസന്തികേചനഖലാഃ സദ്യോബ്രൂവന്തോ-
മിഥഃ
പ്രോന്മത്തം ത്വവലോകയെനമവശം നിർലജ്ജ-
മിത്യഞ്ജസാ ॥ ഭ-1-44.
യേനാമാനി ജപന്ത്യനന്ത! ഭവതോ ƒസൗജനുകോ ഗണ്യതേ
യോ മൗനീതവപാദചിനരതഃ സോ ƒയം ജഡാ-
ത്മേതി ച ।
മൂർഖൈർയന്ന തദീശ! ചിത്രമവനൗ ഘോരാമയൈഃ-
പീഡിതാ-
അധ്യസ്യന്തി ഹിതിക്തതാം സുമധുരേഷ്വ പ്യൂച്ചകൈർ-
വസ്തുഷു ॥

(5) വിരക്തന്മാരും പൂജ്യരും ആയ സന്യാസികളെ അപമാനിക്കുന്നവരും ദുർമാർഗ്ഗത്തിൽ കൂടി ധനം നേടി അഹങ്കരിക്കുന്ന നരാധനന്മാരെ സാഞ്ജലിബന്ധം ബഹുമാനിക്കുന്നവരും ആയ മോഹാന്ധന്മാരെ കവി ചിത്രീകരിക്കുന്നതു ഇപ്രകാരമാണ്:-

''ദൃഷ്ട്വേതാവകപാദപദ്മയഗളാസക്തേ വിരക്തേ ജനേ
സർവൈഃ പൂജ്യതമേ ജനാഹികതിചിത്തദ്ധേലനം കർവതേ ।
ദൗഷ്ട്യോപാർജിതവിത്തസംഭവമദസ്തബ്ധാശയാനാം പുരഃ
കർവന്ത്യഞ്ജലിമാദരേണ ച പനർഹാ ഹന്ത!-
മോഹാന്ധതാ'' ॥ ഭ-1-46.

(6) ശ്രീപദ്മനാഭക്ഷേത്രത്തിലെ മഹോത്സവത്തിനായി ചെയ്യുന്ന ധനവ്യയമാണ് സഫലമെന്നും മററു കാര്യങ്ങൾക്കു വേ ിയുളള ധനവ്യയം നിഷ്ഫലമെന്നും ഉത്സവത്തിനുവേ ിയുളളത് പാഴ്ചെലവെന്നു അഭിപ്രായപ്പെടുന്നവരോടു കവി പറയുന്നു:-

'സ്യാനന്ദുരപതേ! വ്യയേന മഹതാതന്തന്യമാനാഭൃശം
വാദിത്രാരവഗീതനർത്തനമുഖൈരാനന്ദ സന്ദായിനഃ ।
വിശ്വോത്കൃഷ്ടമഹോത്സവാ അപികൃതാസ്ത്വത് പ്രീതയേ-
നോയദി
ഭ്രജന്തേ നഹി ചന്ദ്രികേവ വിത താ ശൂന്യേ-
മഹാകാനനേ ॥ ഭ-1-67

(7) കർണ്ണശൂലകനവും ദുഷ്‌രഹിരവും ആയ അസജ്ജനഭാഷണശ്രവണം കൊ ് ശ്രോത്രം വ്രണിതമാകുമ്പോൾ ആ വ്രണം ഉണക്കുവാനുള്ള ദിവ്യൗഷധം ശ്രീപദ്മനാഭ ഗുണഗണപിയൂഷ വർഷമാണെന്നു സ്വാനുഭൂതി വെളിപ്പെടുത്തുന്നു:-

അഹഹ! ഖലജനാനാം കർണ്ണശൂലായിതൈസ്വൈതഃ
പരുഷവചനജാതൈർവിക്ഷതം കർണ്ണരന്ധ്രം ।
യദിനഹി തവ ഗാഥാരൂപ പിയൂഷവൃഷ്ട്യാ
ശിശിരയതി പിഗഹ്യഃ കഃ പരഃ സ്യാത്തതോങ്കപി ॥

ഭ-5-15

(8) ''ശ്രീപദ്മനാഭൻ മഹാസദസ്സിൽ ബ്രഹ്മകൃതമായ വേദപാരായണവും, സ്വപൗത്രനായ ദേവർഷി നാരദകൃതമായ നാമസങ്കീർത്തനവും യഥേഷ്ടം ശ്രവിക്കട്ടെ, ലക്ഷ്മീ ദേവിയോടൊത്തു ഏകാന്തത്തിൽ സ്വൈരം വിഹരിക്കുമ്പോൾ എൻെറ കൃതി ഒരിക്കലെങ്കിലും കേൾക്കുമെങ്കിൽ ഞാൻ കൃതകൃത്യനാണ്, ലൗകികന്മാർ എൻെറ കൃതി കേൾക്കുകയോ പ്രശംസിക്കുകയോ ചെയ്യുന്നുതുകൊ ുള്ള യശസ്സ് ആഗ്രഹിക്കുന്നില്ല'' എന്നു ആ ഭക്തപ്രവരൻ പ്രസ്താവിക്കുന്നതു താഴെ ചേർക്കുന്നു:-

നാഭീജാതാബ് ജസംസ്ഥദ്രുഹിണ മുഖഗണോദ്ഗീതവേദ-
ശ്രുതൗവാ
നിത്യംസംസക്തചിത്തേƒപ്യമരവരമുനിശ്രേഷ്ഠ സങ്കീർത്ത-
നേƒപി ।
ലക്ഷ്മ്യാസാകം വിഹാരേ രഹസികൃതിമിമാം യദ്യസൗ-
പദ്മനാഭഃ
സ്വാമീകർണ്ണേദധാതിക്ഷണമപികൃതകൃത്യോƒസ്മി തേ-
നൈവ ലോകേ ॥

''തേനൈവ കൃതകൃതഃ'' (അതുകൊ ു മാത്രം കൃതകൃത്യനാണ്.) എന്നു പ്രസ്താവിക്കുന്ന മഹാരാജാവ് തൻെറ കൃതികളെ പ്രചരിപ്പിക്കുവാൻ കഴിവു ങ്കിലും അതിനു ഒരുങ്ങുന്നില്ലെന്ന് വ്യക്തമാ□ന്നു. അതുകൊ ായിരിക്കാം മഹാരാജകൃതികൾ വിരളപ്രചാരങ്ങളായിപ്പോയത്.

**മഹാരാജകൃതികളുടെ ഭാഗവതസമാന രൂപത-**
**അർത്ഥത്തിലും ശബ്ദത്തിലും**

ശ്രീപദ്മനാഭചരണ കമല മധുപായമാന മാനസിനും നിരന്തരഭാഗവതപാരായണ പരിപൂതാന്തഃകരണനും ആയ മഹാരാജാവ് സാരതമങ്ങളായ വിഷയങ്ങളെ പ്രതിപാദിക്കുമ്പോൾ ശബ്ദത്തിലും അർത്ഥത്തിലും ഭാഗവത്തെ പിന്തുടരുന്നതായിക്കാണാം. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**(1) ഭഗവത്പാദധൂളി:-**

ധന്യാ അഹോ അമീ ആജ്യോഗോവിന്ദാംഘ്ര്യബ്ജരേണവഃ ।
യാൻ ബ്രഹ്മേശോ രമാദേവീദധുർ മൂർദ്ധ്ന്യഘനുത്തയേ ॥
ഭാ. 10-30-29

യാതേ പാദസരോജധൂളിരനിശം ബ്രഹ്മാദിഭിർതിഃ-
സ്പൃഹൈർ-
ഭക്ത്യാ സന്നതകന്ധരൈഃ സകതുകം സന്ധാര്യമാണാ-
ഹരേ! ।
യാവിശ്വം പ്രപൂനാതി ജാലമചിരാത് സംശോധയത്യം-
ഹസാം
സാ മാം ഹീനഗുണം പുനാതു നിതരാം ശ്രീപദ്മനാ-
ഭാസ്വഹം ॥ (പദ്മ. 1)

**(2) കലിയുഗത്തിൽ ഭഗവദാരാധനം:-**

കൃതേ ശുക്ലശ്ചതുർബാഹുർജടിലോവല് കലാംബരഃ ।

യജന്തിതപസാ ദേവം ശമേന ച ദമേന ച ॥
ത്രേയായാം രക്തവർണ്ണോഽസൗ ചതുർബാഹുസ്ത്രിമേഖലഃ ।
യജന്തിവിദ്യയാത്രയ്യാ ധർമ്മിഷ്ഠാബ്രഹ്മബാദിതഃ ॥
ദ്വാപരേ ഭഗവാൻ ശ്യാമഃ പീതവാസാനിജായുധഃ ।
യജന്തി വേദതന്ത്രാഭ്യാം പരം ജിജ്ഞാസവോ നൃപ ! ॥
താനാതന്ത്രവിധാനേന കലാ വപി യഥാ ശൃണു ।
യജ്ഞൈഃ സങ്കീർത്തപ്രായൈെർയജന്തി ഹി സുമേധസഃ ॥

(ഭാ.**11-5** അ)

ഭജന്തേത്വാം മർത്യാ മുരഹര! തപോഭിഃ കൃതയുഗേ
യജന്തേ ത്രേതായാമഥ മഖവരൈർ ഭൂരിഫലദൈഃ ।
നിഷേവന്തേ ത്വാം ദ്വാപര ഇഹഹി തന്ത്രോക്തവിധിതാ
കലൗ നാമ്നാം സങ്കീർത്തനമയി സമാശ്രിത്യ സുധിയഃ ॥

ഭക്തി-**6-15**

കൃതാദിഷു പ്രജാരാജൻ കലാവിച്ഛന്തി സംഭവഃ ।
കലൗഖലു ഭവിഷ്യന്തി നാരായണ പാരായണഃ ॥

ഭാ-**11-5**-അ.

''സമുദ്ഭൂതാ മർത്യാമുരഹര! കൃതാദിഷപി യുഗേ-
ഷഹോ യസ്യപ്രാപ്യൈത്യ ജനിമഹഹ വാഞ്ഛന്തിഹി-
കലൗ ॥
അഥാസ്യ ത്വന്നാമാസ്വദനപുണ്യസ്യ ഹി തുലാം
സമാരോഢും ശൗരേ! കിമിഹ ഭുവി വസ്തു പ്രഭവതി ॥

ഭക്തി 6-16

## (3) ഭക്തിയുടേയും ഭക്തന്മാരുടേയും ലക്ഷണം:-

ശ്രവണം കീർത്തനം വിഷ്ണോ സ്മരണം പാദസേവനം ।
അർച്ചനം വന്ദനം ദാസ്യം സഖ്യമാത്മനിവേദനം ॥
ഇതിപുംസാർപ്പിതാവിഷ്ണൗ ഭക്തിശ്ചേന്നവലക്ഷണാ ।
ക്രിയതേ ഭഗവത്യദ്ധാ തന്മന്യേ ഽധീതമുത്തമം ॥

ഭാ.**7.5** അ;

ശ്രുതിർവരദ! കീർത്തനം സ്മരണമംഘ്രിസംസേവനം
രമാവര! തവാർച്ചനം ത്വയി ച വന്ദനം ദാസ്യതാ ।
ത്വയൈവ സഹസഖ്യമച്യുത! നിവേദനം ചാത്മന-
സ്ത്വിതീഹ നവധാ സ്മൃതാഭവതി ഭക്തിരത്യുത്തമാ ॥

ഭക്തി-**4-100**

സർവഭൂതേഷു യഃ പശ്യേദ് ഭഗവദ്ഭാവമാത്മനഃ ।
ഭൂതാനി ഭഗവത്യാത്മന്യേഷ ഭാഗവതോത്തമഃ ॥
ഈശ്വരേ തദധീതേഷു ബാലിശേഷു ദ്വിഷത്സു ച ।
പ്രേമൈത്രീകൃതോപേക്ഷാ യഃ കരോതി സ മധ്യമഃ ॥
അർച്ചായാമേവ ഹരയേ പൂജാം യഃ ശ്രദ്ധായേഹതേ ।
ന തദ്ഭക്തേഷു ചാത്യേഷു സ ഭക്തഃ പ്രകൃതഃ സ്മൃതഃ ॥

ഭാ.**11-2** അ.

സർവേഷ്വത്ര ചരാചരേഷു ഭഗവൻ ഭൂതേഷു പശ്യേത്സുധീഃ
ത്വദ്ഭാവം ഭുവനേഽംബുജാക്ഷ! രഹിതോ യോ ഭേദ-
ദൃഷ്ട്യാ പുമാൻ ।
സർവാണി ത്വയി യശ്ച ദേവ! കലയേദ് ഭൂതാനി വിശ്വാ-
ത്മകേ-
സാന്ദ്രാനന്ദ സുധാംബുധൗ മുരരിപോ ഭക്തോത്തമോഽ
സൗസ്മൃതഃ ॥

ഈ ശേതം സമനുശ്രിതേഷ്വഥ ജഡേഷ്വഥാ ദ്വിഷത്സു-
ക്രമാദ്-
ഭക്തിം സൗഹൃദഭാവമങ്ഗ! കരുണാം കര്യാദുപേക്ഷാ-
ശ്ചയഃ ।
ഭാവേനാച്യുത! താരതമ്യസഹിതേ നാംഭോജനാഭ! പ്രഭോ!
പൂർവോക്തേഷ്വധ തേഷുതേഷ്വയമഹോ! ഭക്തഃ-
സ്മൃതോ മധ്യമഃ ॥
ചിത്താംഭോരുഹ സംഭൃതപ്രതിനവ പ്രേമോദയേനാദരാത്
ത്വദ്രു പാർച്ചനമേവ യോ ഭുവി പുമാൻ ശ്രദ്ധാലുരത്രേ-
ഹതേ ।
ത്വദ്ഭക്തേഷു തഥേ തരേഷു രഹിതോ മൈത്ര്യാനി-
കാമം ബുധൈഃ
സോ/യം വിശ്വജഗന്നിവാസ! ഭഗവൻ! ഭക്തഃ സ്മൃതഃ
പ്രകൃതം ॥ ഭക്തി **1-93-95**

**(4) <u>ഭക്തൻെറ മനോവൃത്തി:-</u>**

ന നാകപുഷ്ഠാ നച പാരമേഷ്ഠ്യം ന സാർവഭൗമം ന-
രസാധിപത്യം ।
ന യോഗസിദ്ധീര പുനർഭവം വാ സമഞ്ജ്ജസ ത്വാ-
വിരഹയ്യ കാംക്ഷേ ॥
ഭാ-**6-11-25**

അമര പരിവൃഢത്വം നര സായാഃ പതിത്വം
കമലഭവ പദം വാ യോഗസിദ്ധീശ്ച ബഹ്വീഃ ।
തൃണമിവ ഹൃദീമത്വാ ത്വത്കഥായാമജസ്രം
മുരമഥന! രമന്തേ സാധവസ്തർദ്രസജ്ഞാഃ ॥ ഭക്തി **5-25**

**(5) <u>ഭക്തിയാണ് ശ്രേയസി:-</u>**

ശ്രേയഃ ശ്രുതിം ഭക്തിമുദസ്യ തേ വിഭോ ക്ലിശ്യന്തി യേ-
കേവലബോധലബ്ധയേ ।
തേഷാമസൗ ക്ലേശല ഏവ ശിഷ്യതേ നാന്യദ്യഥാ-
സ്ഥൂലതുഷാവഘാതിനാം ॥
ഭ-**10-14**

ശാസ്ത്രാഭ്യാസ സമാർജിതഃ സുഖിമലോ ബോധോദയോ-
ദേഹിഭിഃ
കർമ്മാണ്യാ ചരിതാന്യപീഹ ഭുവനേ യത്സാധനാ-
ന്യേവഹി ।
താമപ്രാപ്യ രമേശ! ഭക്തിമമലാം തേഷ്വേവ രജ്യന്തി യേ
നൂനം യാന്തി സദൃക്ഷതാമഹഹ! തേ വ്യർത്ഥം തുഷാ-
ഘാതിഭിഃ ॥

**(6) <u>ബന്ധമോചകർ മാത്രമാണ് ഗുരുക്കന്മാർ:-</u>**

ഗു□ർ ന സ സ്യാത് സ്വജനോ ന സ സ്യാത് പിതാ-
ന സ സ്യാജ്ജനനീ ന സാ സ്യാത് ।
ദൈവം ന സ്യാന്നപതിശ്ച സ സ്യന്നമോചയേദ്യഃ-
സമുപേത മൃത്യും ॥ ഭാ. **5-5** അ.
നൈവേയം ജനനി ന ചൈഷ ജനകോ നസ്യാദയം-
സദ്ഗു□ർ.
നൈതന്മിത്രമിദം ന ശാസ്ത്രമമലം നസ്യാദയം ച പ്രഭുഃ ।

യാ സംസാരമഹാംബുരാശി തരണസ്യോപായഭൂതാം ഹരേ!
ഭക്തിം പ്രപയിതും ത്വയീഹ ബിഭൃയാനൈവേശ-
നിഷ്ണാത്താം ॥ ഭക്തി. **1-69**

### (7) ഭഗവത്പരങ്ങളായ ഇന്ദ്രിയങ്ങൾക്കു മാത്രമാണ് ജന്മസാഫല്യം:-

ബിലേ ബഹതോ□ക്രമ വിക്രമൻ യേ ന ശൃണ്വതഃ-
കർണ്ണപുടേ നരസ്യാ ।
ജിഹ്വാസതീ ദാർദുരികേവ സൂത്രത! നാചോപഗായത്യു□-
ഗായഗാഥാഃ ॥ ഭാ. **2-3-20**
അംഭോജാക്ഷ! നരസ്യ യസ്യ പിബതഃ കർണ്ണൗ ജഗ-
ന്മങ്ഗളം
ത്വദ്ഗാഥാമൃതമത്രനൈവ ഭുവവേ തൗ ഗർത്തതുല്യൗ-
ധ്രുവം ।
ജിഹ്വാ യസ്യ ച നോജപത്യവിരതം രമ്യാണി നാമാനി തേ
മാണ്ഡൂക്യേവ ഹി സാ വൃഥാ പ്രലപതി പ്രാപ്തൗ പരം-
പ്രാവൃഷഃ ॥ ഭക്തി **1-51**
ഭാരഃ പരം പട്ടകിരകീടജുഷ്ടമപ്യുത്തമാങ്ഗം ന-
തമേന്മുകുന്ദം ।
ശാഖൗ കരൗ നോക□തഃ സപര്യാം ഹരേർലസത്-
കാഞ്ചന കങ്കണൗവാ ॥ ഭാ. **2-3-21**
മൗലിർയസ്യന പാദപദ്മയുഗളേ □ര്യാത് പ്രണാമം തതേ
ലക്ഷ്മീകോമള പാണിയുഗ്മമൃദിതേ നിർവ്യാജഹർഷാ-
□ലം ।
ഉന്നമ്രദ്യുരത്നദീപ്രമൂ□ടേനാപൃഞ്ചിതം തം വൃഥാ
ഭാരം താവദവൈമി നൂനമവനേഃ ശ്രീപദ്മനാഭ!
പ്രഭോ! ॥
സന്തപ്തോത്തമഹേമകങ്കണവരേണാലങ്കൃതാവപ്യഹോ!
യൗഹു ബാഹു ജലജാക്ഷ! നൈവ □രുതഃ പ്രേമ്ണാ-
സപര്യാം തവ ॥
തൗമന്യേ വിപിനേ ഭയാനകതീമെഃ ശാർദ്ദുലമുഖ്യൈർ-
മൃഗൈർ-
ജ്ജുഷ്ടേ രിക്തജനേ സമുച്ച്റിതതരോഃ ശാഖോപമാ-
വിതൃഹം ॥ ഭാ. **1-52-53**
ബർഹായിതേ തേ നയനേ നരാണാം ലിങ്ഗാനിവിഷ്ണോർ-
ന നിരീക്ഷതോ യേ ।
പാദൗ നൃണാം തൗ ദ്രുമജന്മഭാജൗ ക്ഷേത്രാണി നാനുവ്രജ-
തോഹരേർയൗ ॥ ഭാ. **2-3-23**
നേത്രേ യസ്യ ന പശ്യതഃ സ□തുകം ദിവ്യാനി രൂപാണി തേ
വിശ്വാനന്ദകരാണി ദാനവരിപോ! പിഞ്ഛായിതേ-
തേ ധ്രുവം ।
പാദൗ യസ്യ ച മന്ദിരം ന ഭജതഃ ശൗരേ! മുഹസ്താവകം
നൂനം ഹന്ത! മഹീരുഹാം വനഭുവാം തൗ ജന്മഭാജൗ-
ഹരേ നന ഭ. **1-54**
ജീവഞ്ഛവോ ഭാഗവതാംഘ്രിരേ□ം ന ജാതുമർത്യോ$f$ഭി-

### (8) ശ്രീകൃഷ്ണപ്രണാമം കാലഭീതി നാശകമാണ്.

സകൃന്മനഃ കൃഷ്ണപദാരവിന്ദയോർ നിവേശിതം യദ്ഗുണ-
രാഗിയൈരിഹ ।
ന തേ യമം പാശഭൂതശ്ച തദ്ഭടാൻ സ്വപ്നേ$f$പി പശ്യന്തി-
ഹി ചീർണ്ണനിഷ്കൃതാഃ ॥ ഭാ. **6-1-19**

ഇതീഹ യോ വന്ദനമാപരേത്പുമാൻ
    ലോകത്രയീ വന്ദ്യപദാംബുജസ്യ തേ ।
സ വൈകൃതാന്തഞ്ച തദീയ കിങ്കരാൻ
    സപ്തേഽപി നോ പശ്യതി നാത്ര സംശയഃ ॥

ഭക്തി: **10-31**

**(9) <u>ഭഗവദ്വിമുഖനായ ബ്രാഹ്മണനേക്കാൾ ഭഗവത് പരായണനായ ചണ്ഡാലൻ ശ്രേഷ്ഠനാണ്.</u>**

വിപ്രാദ് ദ്വിഷഡ്ഗുണയുതാദരവിന്ദനാഭ-
    പാദാരവിന്ദവിമുഖാച്ഛ്വപചം വരിഷ്ഠം ।
മന്യേ ത ദർപ്പിത മനോവചനേ ഹിതാർത്ഥ-
    പ്രാണം പുനാതി സ□ലം നതു ഭൂരിമാനഃ ॥

ഭാ. **7-9-10**

ത്വത് പരൈ കമതിരന്ത്യജോഽപിഖലു ലോകമീശ്വര!
    പുനാത്യഹോ !
നോ രമേശവിമുഖാശയോ ഭവതി വിപ്രജാതിരപികേവല

പദ്മ. **10**

**(10) <u>യോഗത്രയാധികരികളുടെ ലക്ഷണം:-</u>**

യോഗാസ്ത്രയോ മയാ പ്രോക്താ നൃണാം ശ്രേയോ-
    വിധിത്സയാ ।
ജ്ഞനാം കർമ്മ ച ഭക്തിശ്ച നോപായോഽന്യോസ്തി-
    കത്രചിത് ॥
നിർവിണ്ണാനാം ജ്ഞാനയോഗോ ന്യാസിനാമിഹ കർമ്മസു ।
തേഷ്വനിർവിണ്ണചിത്താനാം കർമ്മയോഗസ്തു കാമിനാം ॥
യദൃച്ഛയാ തത്കഥാ ദൗ ജാതശ്രദ്ധസ്തു യഃ പുമാൻ ।
ന നിർവിണ്ണോ നാതിസക്തോ ഭക്തിയോഗോഽസ്യ-
    സിദ്ധിദഃ ॥ ഭാ. **11-20-6-8**
ജ്ഞാനമീശ! ബതകർമ്മ ഭക്തിരപി തത്ത്രയം ഭവദാപകം
    ജ്ഞാനയോഗവിഷയേ ഽ ധികാര ഇഹവൈവിരക്ത-
    ജനതാഹിതഃ ।
കർമ്മണീഹ തു ഭവേന്ന്യണാമധികസക്ത മാനസജൂഷാം ഹരേ!
    യേതുനാധികവിരക്ത സക്തഹൃദയാ ഹി ഭക്തിരപി-
    തദ്ധിതാ ॥ **പദ്മ. 10**

**(11) <u>സർവഭൂത സുഹൃത്തായ യതിയുടെ ധർമ്മം:-</u>**

ദൃഷ്ടിപൂതം ന്യസേത്പാദം വസ്ത്രപൂതം പിബേജ്ജലം ।
സത്യപൂതാം വദേദ്വായം മനഃ പൂതംസമാചരേത് ॥

ഭാ. **11-18-16**

ന്യസേദ് ഭൂവിപദം യതിഃ പഥിഷു ദൃഷ്ടിപൂതം ചരൻ
    പിബേദപി ജലം പുനർജഗതി വസ്ത്രപൂതം ഭൃശം ।
വദേദലമനിന്ദിതാ മഹഹ! സത്യപൂതാം ഗിരം
    തഥാ ഹൃദയപൂതമേവ ഖലു കർമ്മ സർവം ചരേത് ॥

ഭ. **4-87**

**<u>മഹാരാജകൃതികൾക്ക് നാരായണീയത്തോടുള്ള സാദൃശ്യം കൂടി അല്പം ഉദാഹരിക്കാം.</u>**

**(1) <u>വിഷ്ണുപാരമ്യം:-</u>**

മൂർത്തിത്രയാതിഗമുഖാച ച മന്ത്രശാസ്ത്രസ്യദൗ കലായ-
    സുഷമം സകലേശ്വരം ത്വാം ।
ധ്യാനഞ്ച നിഷ്ഠൂലമസൗ പ്രണവേ ഖലൂക്ത്വാ ത്വാമേവ-

തത്ര സകലം നിജഗാദനാത്യം ॥
നാ. 10-6

സ്യാനന്ദൂരപുരാധിനാഥ! ഭഗവൻ യന്മന്ത്രസാസ്ത്രസ്യാ-
പ്യദൗ നീല□നോസ്ത്രിമൂർത്ത്യധികതാ പ്രോക്താ-
തവൈവ സ്ഫുടം ।
ശൗരേ തന്നിജഗഹാദകിഞ്ച സകലം ത്വാമേവ നാന്യം യത-
സ്തസ്മിൻ ത്വത്പദഭക്തിരേവ സകലസ്രേയഃ പദേതി-
ധ്രുവം ॥ ഭ. 1-88

## (2) ഭഗവത് ഭക്തന്മാരാണ് ധന്യന്മാർ:-

പഠന്തോ നാമാനി പ്രമദഭരസിന്ധൗ നിപിതാഃ-
സ്മരന്തോ രൂപം തേ വരദ! കഥയന്തോ ഗുണകഥാഃ ।
ചരന്തോ യേ ഭക്താസ്തായി ഖലു രമന്തേ പരമമൂൻ
അഹം ധന്യാൻ മന്യേ സമധിഗതസർവാഭിലഷിതാൻ ॥
നാ. 3-1

പിബന്തി യേ ത്വച്ചരിതാമൃതൗഘം സ്മരന്തി രൂപം തവ-
വിശ്വരമ്യാം ।
ഹരന്തി കാലഞ്ച സഹത്വദീയൈർ മന്യേ*f*ത്ര താൻ മാധവ-
ധന്യധന്യാൻ ॥ പദ്. 2-1

## (3) ഭക്തനിന്ദ പാപമാണ്:-

പാപോ*f*യം കൃഷ്ണ രാമേത്യഭിലപതി നിജം ഗുഹിതും-
ദുശ്ചരിത്രം
നിർലജ്ജസ്യാ സ്യ വാചാ ബഹുതരകഥനീയാനിമേ-
വിഘ്നിതാനി ।
ഭ്രാതാ മേ വന്ധ്യശീലോ ഭജതികില സദാ വിഷ്ണുമിത്ഥം-
ബുധാംസ്തേ
നിന്ദത്യുച്ചൈർ ഹസന്തി ത്വയി വിഹിത രതീംസ്താദൃശം-
മാ കൃതാ മാം ॥ നാ. 92-4

പാപ ഏഷ കില ഗൂഹിതും ഹി നിജ ദുശ്ചരി□മിഹ-
സർവദാ
കൃഷ്ണ! രാമ! മധുസൂദനേത്യ നിശമാലപത്യഹഹ!
നിഷ്ഫലം ।
ഏവമീശ! തവസേവകോ ഭവതി നിന്ദിതഃ ഖലുജനൈഃ-
കലൗ
താദൃശം ത്വനഘമാകൃഥാ വരദ! മാമസീമതമ വൈഭവ ॥
പദ്. 10-5

## (4) ഭക്തവത്സലനാണ് ഭഗവാൻ ഭഗവദ്വ്യാസവചനം പ്രമാണം

ഭവദ്ഭക്തിഃ സ് ഫീതാ ഭവതു മ മ സൈവ പ്രശമയേ-
ദശേഷ ക്ലേശൗഘം ന ഖലു ഹൃദി സന്ദേഹ കണികാ ।
ന ചേദ് വ്യാസസ്യോക്തിസ്തവ ച വചനം നൈഗമവചോ
ഭവേന്മിഥ്യാ രഥ്യാ പുരുഷവചനപ്രായമഖിലം ॥
നാ. 3-5

ഭക്താനാമഖിലേപ്സിതാർത്ഥഘടനേ ബദ്ധോദ്യമസ്ത്വം
ഹരേ!
നിത്യം ഖലിതി ബോദ്ധുമസ്തി ബഹുശോ ദേവ!
പമാണം മമ!
നോചേദ്വ്യാസവചസ്തവൈവ വചനം വേദോപദഗീതം-
വചോ
ഹാ! രഥ്യാജനവാദവദ്ബത! ഭവേന്മിഥ്യാ രമാവല്ലഭ!
പദ്. 1-5

മഹാരാജകൃതികളിൽ ഗ്രന്ഥാന്തരസംവാദം കാണുന്നു ങ്കിലും അവ അ□പാദേയങ്ങളോ ഗുണപൗഷ്ക്കല്യം □റഞ്ഞവയോ അല്ലെന്നതാണ് വസ്തുത. ധ്വന്യാലോകകാരൻെറ വചനം നോക്കുക:-

"സംവാദാസ്തു ഭവന്ത്യേവ ബാഹുല്യേന സുമേധസാം ।
നൈക□പതയാ സർവേ തേ മന്തവ്യ വിപശ്ചിതാ. ॥"

ഈ അഭിപ്രായം യുക്തവും ആണ്.

"സർവക്ഷിതിഭൃതാം നാഥ ദൃഷ്ടാ സർവാങ്ഗസുന്ദരീ।
രാമാ രമ്യേവനാഃന്തങ്കസ്മിൻ മയാവിരഹിതാ ത്വയാ. ॥"

എന്ന് രാമായണത്തിൽ രാമവചനമായി കാണുന്ന പദ്യം 'വിക്രമോർവശീയത്തിൽ' പുരൂരവസ്സിൻെറ വചനമായി മഹാകവി കാളിദാസൻ ചേർത്തിട്ടു ്. അതുപോലെ-

''യാ നഃ പ്രീതിഃ പുഷ്കരാക്ഷ! ത്വദ□ധ്യാനസംഭവാ ।
സാ കിമാവേദ്യ തേ തുഭ്യമന്തരാത്മാസി ദേഹിനാം ॥"

എന്ന വിദുരവചനമായ മഹാഭാരതപദ്യം ''പുഷ്ക്കരാക്ഷ'' എന്നതു മാററി ''വിരൂപാക്ഷ'' എന്നു ചേർത്ത് സപ്തർഷിവചനമായി □മാരസംഭവത്തിലും ഉപനിബദ്ധമായിട്ടു ്. അതിനാൽ മഹാകവിയുടെ കൃതികളെപ്പോലെ മഹാരാജകൃതികളും രമണീയങ്ങളും മധുരങ്ങളും പ്രസന്നഗംഭീരങ്ങളും ആണെന്നു നിസ്സംശയം പറയാവുന്നതാണ്.

''സന്തതാത്മ□ുലദൈവസേവകോ നൈജരാഷ്ട്രപരിരക്ഷണേ രതഃ ।
വഞ്ചി രാജ□ലശേഖരോത്തരോ രാമവർമ്മ നൃപതിർമഹാകവിഃ ॥
പദ്മനാഭപട ഭക്തിമഞ്ജരീപദ്മനാഭശതകാദി കാവ്യകൃത് ।
ഭക്തിമാർഗ്ഗപരമോപദേശഃ സ്വാതിഭോƒപ്രിതമഭൂമിപോമഹാൻ ॥
ശ്രീപതേശ്ചരിതഗീതിഭിഃ സ്വയം സ്വാന്തനിർവൃതിമിഹാപി ഭാവയൻ ।
ഭക്തിസാരമധുധാരയാനിശം ഭക്തഭൂങ്ഗമൂദമാതനോത്വയം ॥"
പദ്മനാഭാംഘ്രിദാനശ്രീ സ്വാതിഭൂപ കൃതേരഹം
അകീർത്ത യം മഹത്വം യത് തേന ശ്രീശഃ പ്രസീദതു.